ഷാക്കിർ തോട്ടിക്കൽ

# കഴുതപ്പുലി

കൂട്ടുകാരേ, ഈ ലക്കം മുതൽ മൃഗങ്ങളെ ശാസ്ത്രീയമായി പരിചയപ്പെടുത്തുന്നു. കഴുതപ്പുലി എന്ന മൃഗത്തെ ആദ്യം പരിചയപ്പെടൂ....

ശാസ്ത്രീയ നാമം : ക്രോക്കുട്ട ക്രോക്കുട്ട

ജീവിത കാലയളവ്: 12 വർഷം

സ്പീഡ് : 60 km/h

തൂക്കം : 40- 45 kg

ഹയിന എന്ന പേരിലാണ് കഴുതപ്പുലികൾ അറിയപ്പെടുന്നത്. ഭക്ഷ്യശൃംഖലയിൽ ഏറെ പ്രാധാന്യമുള്ള ഒരു ജന്തുസമൂഹമാണ് ഇവ. വംശപരമായി മാർജ്ജാരൻമാരോടും വെരുകുകളോടും അടുത്തബന്ധം പുലർത്തുന്ന ഈ ജീവികൾക്ക് നായകളുമായി സാമ്യമുള്ള ജീവിത രീതികളാണ്. ഇരയെ നഖത്തിനു പകരം പല്ല് ഉപയോഗിച്ച് ആക്രമിച്ച് കീഴ്പ്പെടുത്തുക, തെരഞ്ഞുപിടിച്ച് ഓടിച്ച് കീഴ്പ്പെടുത്തി ഇരകളെ ആക്രമിക്കുക എന്നിവയാണ് ഇവയുടെ പതിവ് രീതി.



ചിരിക്കുന്ന കഴുതപ്പുലി, ടൈഗർ വൂൾഫ് എന്നീ പേരുകളിലെല്ലാം അറിയപ്പെടുന്ന മൃഗമാണ് കഴുതപ്പുലി. ഏഷ്യയിൽ ജന്മം കൊണ്ടവയാണെന്ന് കരുതപ്പെടുന്ന ഇവയെ ആഫ്രിക്കയിലെ സഹാറയിലാണ് ധാരാളമായി കണ്ടുവരുന്നത്. കൂട്ടമായി ജീവിക്കുന്ന ഇവക്ക് തികച്ചും സങ്കീർണ്ണമായ സാമൂഹിക ജീവിതമാണുള്ളത്.

സഹകരണ മനോഭാവത്തോട് കൂടിയുള്ള സാമൂഹിക ജീവിതമല്ല ഇവയുടേത്. മറിച്ച് മത്സരാധിഷ്ഠിതമാണ്. മാത്രമല്ല, അതിജീവന സാധ്യത നിലനിർത്തുന്ന ജീവികൾ കൂടിയാണ് ഇവ. ഏതൊരു നിർണ്ണായക സാഹചര്യത്തേയും അതിജീവിച്ച് മുന്നേറാനുള്ള കഴിവുള്ളതുകൊണ്ട് തന്നെ ജീവിതത്തിൽ ഏറെ വിജയം കൈവരിക്കുന്ന ജീവികളാണിവ.

ഇവയിൽ പെൺജീവികൾ ആൺ ജീവികളെക്കാൾ വലുപ്പം കൂടിയവയാണെന്ന് മാത്രമല്ല, സമൂഹത്തിൽ ആധിപത്യവും പെൺ കഴുതപ്പുലികൾക്കാണ്. വേട്ടയാടി ഇരകളെ പിടിക്കുന്ന ജീവികളാണിവ. മനുഷ്യന്റെ ഉറക്കെയുള്ള പൊട്ടിച്ചിരിക്ക് സമാനമാണ് ഇവയുടെ ശബ്ദം.

ശരീരത്തിൽ നിറയെ പുള്ളിക്കുത്തുകളോട് കൂടിയ രൂപമാണ് ഇവയുടേത്. അന്തരീക്ഷത്തിൽ ഈർപ്പമുള്ള കാലങ്ങളിലാണ് മിക്കവാറും പ്രജനനം നടത്തുന്നത്. 110 ദിവസമാണ് ഇവയുടെ ശരാശരി ഗർഭകാലം.

സാധാരണഗതിയിൽ മൂന്നോ നാലോ കുട്ടികൾ ഓരോ പ്രസവത്തിലും ഉണ്ടാവും. 1 മുതൽ 1.6 കി.ഗ്രാം. ഭാരമുള്ളവയാവും ഇവ. ജനിച്ച് വീഴുമ്പോൾ തന്നെ പരസ്പരം പോരടിക്കുന്ന സ്വഭാവക്കാരായതുകൊണ്ട് തന്നെ ജനിക്കുന്ന കുട്ടികളിൽ ചിലത് പെട്ടെന്ന് ചത്തു പോവുകയും ചെയ്യുന്നു.

ലോകത്തിലെ ആദ്യത്തെ ഒഴുകുന്ന ആണവ നിലയം ഏത് രാജ്യത്താണ്- റഷ്യ